**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 12

## വാർത്താക്കുറിപ്പ്

---

### പ്രൊഫ. എം.കെ. സാനുവിനും പ്രൊഫ. സ്കറിയ സക്കറിയക്കും ഡി.ലിറ്റ് (ഫ്രഞ്ച് ഗവേഷകരായ ഡിഡിയ റൂസലിനും യവ്സ് ഗ്രോഹെൻസിനും ഡി.എസ്.സി. ബഹുമതി)

എഴുത്തുകാരനും നിരൂപകനും പ്രഭാഷകനും കേരളത്തിന്റെ സാമൂഹ്യ സാംസ്കാരികരംഗത്തെ നിറസാന്നിധ്യവുമായ പ്രൊഫ. എം.കെ. സാനു, മലയാളത്തിലെ വിജ്ഞാന സാഹിത്യ ശാഖയുടെ വികാസത്തിനും വിപുലീകരണത്തിനും നിർണായക സംഭാവനകൾ നൽകുകയും മലയാളത്തിന് ആദ്യ നിഘണ്ടു സമ്മാനിച്ച ഹെർമൻ ഗുണ്ടർട്ടിന്റെ സംഭാവനകൾ സംബന്ധിച്ചുള്ള നിർണായക വിവരങ്ങൾ ഭാഷാ ലോകത്തിന് സംഭാവന ചെയ്യുകയും ചെയ്ത പ്രൊഫ. സ്കറിയ സക്കറിയ എന്നിവരെ മഹാത്മാഗാന്ധി സർവ്വകലാശാല ഡോക്ടർ ഓഫ് ലെറ്റേഴ്സ് (ഡി.ലിറ്റ്) ബഹുമതി നൽകി ആദരിക്കുന്നു. ഫ്രാൻസിൽ നിന്നുള്ള ശാസ്ത്ര ഗവേഷകരായ പ്രൊഫ. ഡിഡിയർ റൂസൽ, പ്രൊഫ. യവ്സ് ഗ്രോഹെൻസ് എന്നിവർക്ക് ഡോക്ടർ ഓഫ് സയൻസ് (ഡി.എസ്.സി.) ബഹുമതികൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്. സർവ്വകലാശാല നിയമാവലി പ്രകാരമുള്ള സിൻഡിക്കേറ്റിന്റെ ശുപാർശ അനുസരിച്ചാണ് ബഹുമതികൾ നൽകുന്നത്.

മലയാളത്തിൽ മുപ്പത്തഞ്ചിലധികം പുസ്തകങ്ങൾ രചിച്ചിട്ടുള്ള പ്രൊഫ. എം.കെ. സാനു വയലാർ അവാർഡ്, ആശാൻ അവാർഡ്, അബുദാബി ശക്തി അവാർഡ്, സാഹിത്യ പ്രവർത്തക സഹകരണസംഘം അവാർഡ്, പത്മപ്രഭാ സാഹിത്യ പുരസ്കാരം തുടങ്ങി നിരവധി ബഹുമതികളുടെ ജേതാവാണ്. അധ്യാപകൻ, പത്രാധിപർ, ജീവചരിത്രകാരൻ, നിയമസഭാംഗം എന്നീ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അദ്ദേഹം വയലാർ രാമവർമ്മ അവാർഡ് നിർണയ സമിതി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. ഭാഷാ-സാഹിത്യ നരൂപണ ഗ്രന്ഥങ്ങൾക്ക് പുറമേ ബാലസാഹിത്യ കൃതികളും, യാത്രക്കുറിപ്പുകളും, ഓർമ്മക്കുറിപ്പുകളും ഗവേഷണ പ്രബന്ധങ്ങളും ഉൾപ്പെടെ നിരവധി കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. ചങ്ങമ്പുഴ കൃഷ്ണപിള്ള-നക്ഷത്രങ്ങളുടെ

സ്നേഹ ഭാജനം, ബഷീർ-ഏകാന്തവീഥിയിലെ അവധൂതൻ, കാറ്റും വെളിച്ചവും, കാവ്യതത്വ പ്രവേശിക, താഴ്വരയിലെ സന്ധ്യ തുടങ്ങിയവയാണ് പ്രധാന കൃതികൾ.

ജർമനിയിലെ റ്റൂബിൻജൻ സർവ്വകലാശാല ആർക്കൈവുകളിൽ ഹെർമ്മൻ ഗുണ്ടർട്ടുമായി ബന്ധപ്പെട്ട് ലഭ്യമായിരുന്ന മലയാളത്തിലുള്ള കയ്യെഴുത്ത് പ്രതികൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഭാഷാപഠനത്തിനായി ലഭ്യമാക്കുന്നതിൽ നിർണായകമായ പങ്കു വഹിച്ച ഗവേഷകനാണ് പ്രൊഫ. സ്കറിയ സക്കറിയ. റ്റൂബിൻജെൻ സർവ്വകലാശാലയിലെ ഹെർമ്മൻ ഗുണ്ടർട്ട് ചെയറിന്റെ ആദ്യചെയർ പ്രൊഫസർ പദവി വഹിച്ചതും അദ്ദേഹമാണ്. വിജ്ഞാന സാഹിത്യശാഖയുമായി ബന്ധപ്പെട്ട നൂറിലധികം പ്രബന്ധങ്ങളാണ് അദ്ദേഹം മലയാള ഭാഷക്ക് സംഭാവന ചെയ്തിട്ടുള്ളത്. സാംസ്കാരിക പഠനം, ഫോക്കലോർ, വിവർത്തനം, സാഹിത്യ താരതമ്യ പഠനം തുടങ്ങിയവയെ അധികരിച്ചുള്ളതാണ് അദ്ദേഹത്തിന്റെ രചനകളിൽ ഏറിയ പങ്കും. ഹാർവാർഡ്, ഓക്സ്ഫോർഡ് സർവ്വകലാശാലകളും അമേരിക്കൻ ലൈബ്രറി കോൺഗ്രസും ഉൾപ്പെടെ ഒരുക്കിയ വേദികളിൽ പ്രഭാഷണങ്ങൾ നടത്തിയിട്ടുള്ള പ്രൊഫ, സ്കറിയ സക്കറിയ, ഭാഷാചാര്യ പുരസ്കാരം, ഐ.സി. ചാക്കോ അവാർഡ്, പ്രൊഫ. പി.കെ.ബി.നായർ അവാർഡ് തുടങ്ങിയവ ഉൾപ്പെടെ നിരവധി ബഹുമതികളും ഫെല്ലോഷിപ്പുകളും നേടിയിട്ടുണ്ട്. മലയാള വഴികൾ, പ്രാചീന ഗദ്യമാതൃകകൾ - ഉദയംപേരൂർ മുതൽ മിലാൻ വരെ, നാടോടിഗാനങ്ങളെ ആസ്പദമാക്കി രചിച്ചിട്ടുള്ള കാർകുഴലി, കേരളത്തിന്റെ 500 വർഷങ്ങൾ - ഒരു സാസംസ്കാരിക പഠനം തുടങ്ങിയവയാണ് പ്രധാന കൃതികൾ.

ഡി.എസ്.സി ബഹുമതിക്കായി തെരഞ്ഞെടുത്തിട്ടുള്ള പ്രൊഫ. യവ്സ് ഗ്രൊഹെഗൻസ് ഫ്രാൻസിലെ പ്രശസ്തമായ ലിമാറ്റബ് (LIMATB) മെറ്റീരിയൽ എഞ്ചിനീയറിംഗ് ലാബോറട്ടറിയുടെ ഡയറക്ടറും പോളിമർ ശാസ്ത്ര മേഖലയിലെ അറിയപ്പെടുന്ന ഗവേഷകനും ശാസ്ത്രജ്ഞനുമാണ്. നാനോ-ബയോസംയുക്തങ്ങളുടെ വർഗ്ഗീകരണം, രൂപകല്പന, പോളിമർ ഉത്പന്നങ്ങളുടെ ജൈവ വിഘടനം തുടങ്ങിയ മേഖലകളിലെല്ലാം നിരവധി ഗവേഷണങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള ശാസ്ത്രജ്ഞനാണ് പ്രൊഫ. യവ്സ് ഗ്രൊഹെൻസ്.

ഫ്രാൻസിലെ ലൊറെയ്ൻ സർവ്വകലാശാല അധ്യാപകനായ പ്രൊഫ. ഡിഡിയർ റൂസൽ നാനോ പദാർത്ഥങ്ങളേയും നാനോ സംയുക്തങ്ങളേയും കുറിച്ച് നിരവധി ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്ന ശാസ്ത്രജ്ഞനാണ്. ശാസ്ത്രക്രിയകൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള നാനോ മൈക്രോ സെൻസറുകളുടെ ഗവേഷണവും വികസനവും, പോളിമെറിക് പദാർത്ഥങ്ങളിലെ ഇലാസ്തികത, പോളിമർ നാനോ സംയുക്തങ്ങളുടെ ഗവേഷണവും വികസനവും തുടങ്ങിയ മേഖവകളിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞനാണ് പ്രൊഫ. ഡിഡിയർ റൂസൽ. എൺപതിലധികം ഗവേഷണ പ്രബന്ധങ്ങളും ആറ് ശാസ്ത്ര സംബന്ധിയായ പുസ്തകങ്ങളും അദ്ദേഹത്തിന്റേതായുണ്ട്.

2022 സെപ്തംബർ 15 ന് രാവിലെ 11.00 ന് സർവ്വകലാശാല അസംബ്ലി ഹാളിൽ നടക്കുന്ന എട്ടാമത് പ്രത്യേക ബിരുദ ദാന സമ്മേളനത്തിൽ ചാൻസലർ കൂടിയായ ബഹു. ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഡി-ലിറ്റ്, ഡി.എസ്.സി. ബിരുദങ്ങൾ സമ്മാനിക്കും. പ്രോ-ചാൻസലർ കൂടിയായ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു, വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ബഹു. സഹകരണ - സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. വി.എൻ വാസവൻ, ബഹു. എം.പി. ശ്രീ. തോമസ് ചാഴികാടൻ, സിൻഡിക്കേറ്റ് അംഗം കൂടിയായ ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ., പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം ശ്രീ. റെജി സക്കറിയ, രജിസ്ട്രാർ പ്രൊഫ. പ്രകാശ്കുമാർ ബി. തുടങ്ങിയവർ പങ്കെടുക്കും. പ്രൊഫ. എം.കെ. സാനു, പ്രൊഫ. സ്കറിയ സക്കറിയ, പ്രൊഫ. ഡിഡിയർ റൂസൽ, പ്രൊഫ. യവ്സ് ഗ്രോഹെൻസ് എന്നിവർ ബിരുദം ഏറ്റു വാങ്ങി സംസാരിക്കും.

**12.09.2022 തിങ്കളാഴ്ച രാവിലെ 11.30 ന് കോട്ടയം പ്രസ്സ് ക്ലബിൽ നടന്ന വാർത്താ സമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്) അനിൽകുമാർ ജി. എന്നിവർ പങ്കെടുത്തു.**

അനിൽകുമാർ ജി.
പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)